No.CEE/200/5LLB-2020 /TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി/കെ.മാറ്റ്/ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സ് 2020 ഓൺലൈൻ പ്രവേശന പരീക്ഷ വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

2020–21 അധ്യയനവർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സ്/ കെ.മാറ്റ്/ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി എന്നീ പ്രവേശന പരീക്ഷകൾ യഥാക്രമം ജൂൺ 20, 21, 22 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവരവരുടെ **'Candidate portal'** ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ നമ്പരും, പാസ് വേഡും നൽകി പുതുക്കിയ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

## പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- **പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്**
- **റിപ്പോർട്ടിംഗ് അവസാനിച്ചു കഴിഞ്ഞാൽ കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപെടുന്നതിനായി 'Mock Test' നടത്തുന്നതായിരിക്കും.**
- **തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി പരീക്ഷകളും രണ്ടര മണിക്കൂർ ദൈർഘ്യമുള്ള കെ.മാറ്റ് പരീക്ഷയുമായിരിക്കും നടക്കുക.**
- **ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയ്ക്ക് ത്രിവത്സര/പഞ്ചവത്സര എൽഎൽ.ബി പരീക്ഷയ്ക്ക് 200 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും കെ.മാറ്റ് പരീക്ഷയ്ക്ക് 180 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ഉണ്ടാകും.**
- **കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന 'Access card' ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ് എന്നിവ അടങ്ങിയിരിക്കും.**
- **പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി/ഡ്രൈവിങ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്.**
- **കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളെ പുറത്തുപോകാൻ അനുവദിക്കുന്നതല്ല.**
- **കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. ഓൺലൈൻ പരീക്ഷ അഭിമുഖീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും/രക്ഷിതാക്കളും സർക്കാർ, ആരോഗ്യ വകുപ്പ് സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**
- **പരീക്ഷാ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതും, കൂടാതെ തെർമൽ സ്കാനിംഗിന് നിർബന്ധമായും വിധേയമാകേണ്ടതുമാണ്.**

- പരീക്ഷ കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്ന കൈയുറകൾ ധരിച്ചശേഷം മാത്രമേ പരീക്ഷാർത്ഥികൾ പരീക്ഷാ ഹാളിൽ പ്രവേശിക്കാൻ പാടുള്ളൂ.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
- ഒരു കവാടത്തിലൂടെ മാത്രമേ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഇവർ പരീക്ഷാപൂർത്തിയാക്കി തിരികെ പോകുമ്പോഴും അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ അവശ്യം വേണ്ട സാമഗ്രികൾ (പേന, പെൻസിൽ, വെള്ളം, ലഘുഭക്ഷണം) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളു. പരീക്ഷാ ഹാളിൽ സാമൂഹിക അകലം പാലിക്കേണ്ടതും ഹാളിന്റെ മറ്റ് ഭാഗങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ പാടില്ലാത്തതുമാണ്.
- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. പരീക്ഷ കേന്ദ്രത്തിൽ സമയത്തിന് വളരെ മുമ്പ് ഹാജരാകുകയോ കൂട്ടം കൂടി നിൽക്കാനുള്ള സാഹചര്യം ഉണ്ടാകാനോ പാടുള്ളതല്ല.
- ഹോട്ട് സ്പോട്ടുകൾ/ തീവ്ര മേഖലകൾ/ക്വാറന്റൈനിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികൾ എന്നിവർ നിശ്ചിത സമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ മാത്രം പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുകയും, പരീക്ഷാ കേന്ദ്രത്തിലെ ബന്ധപ്പെട്ട അധികാരികൾക്ക് മുൻകൂർ അറിയിപ്പ് നൽകുകയും ചെയ്യേണ്ടതുമാണ്.
- ഹോട്ട് സ്പോട്ടുകൾ/ തീവ്ര മേഖലകൾ/ക്വാറന്റൈനിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികളും അവർക്ക് അനുവദിച്ചിരിക്കുന്ന മുറിയിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പരീക്ഷ അഭിമുഖീകരിക്കേണ്ടതാണ്. കോവിഡ്-19 മാർഗ നിർദ്ദേശങ്ങൾക്കൊപ്പം പൊതുനിർദ്ദേശങ്ങളും ഇവർ പാലിക്കേണ്ടതാണ്.
- ഉപയോഗശേഷമുള്ള മാസ്ക്, കൈയുറകൾ എന്നിവ വലിച്ചെറിയാതെ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലേക്ക് പുറപ്പെടുന്നത് മുതലുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം മാസ്ക് വേണ്ടവർ കൈയിൽ കരുതേണ്ടതാണ്.
- പരീക്ഷയുമായി ബന്ധപ്പെട്ട് സഹായം ആവശ്യമായി വരുന്ന വിദ്യാർത്ഥികൾക്ക് ലെയ്സൺ ഓഫീസർമാരുടെയും സെന്റർ കോർഡിനേറ്റർമാരുടെയും ഫോൺ നമ്പർ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതായിരിക്കും.
- പരീക്ഷാ സംബന്ധമായ മാർഗ നിർദ്ദശേങ്ങൾ വെബ് സൈറ്റിലുള്ളത് ശ്രദ്ധിക്കുക.

ഹെൽപ് ലൈൻ നം: 0471 2525300

തിരുവനന്തപുരം
11.06.2020

പ്രവേശന പരീക്ഷാ കമ്മീഷണർ